**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളാ മുനിസിപ്പൽ കോമൺ സർവ്വീസ് - കട്ടപ്പന നഗരസഭയിലെ സീനിയർ ക്ലാർക്കായ ശ്രീമതി. സ്മിതാരാജൻ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ.എ. 1971/2017 ൽ 19.10.2017 തീയതിയിലുണ്ടായ വിധിന്യായം - നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്

സ.ഉ.(സാധാ) നം. 182/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 20.01.2018

പരാമർശം : 1) കുന്നംകുളം നഗരസഭയിലെ സീനിയർ ക്ലാർക്കായ ശ്രീമതി . സ്മിതാരാജൻ സർക്കാരിൽ സമർപ്പിച്ച 07.10.2017 തീയതിയിലെ നിവേദനം. (Annexure A12)

2) ശ്രീമതി . സ്മിതാരാജൻ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 1971/2017 നമ്പർ കേസിൽ 19.10.2017 തീയതിയിലുണ്ടായ വിധിന്യായം.

## ഉത്തരവ്

കുന്നംകുളം നഗരസഭയിലെ സീനിയർ ക്ലാർക്കായ ശ്രീമതി. സ്മിതാരാജൻ പരാമർശം 1 പ്രകാരം സർക്കാരിൽ സമർപ്പിച്ച അപേക്ഷ പ്രകാരം, ടിയാൾ സീനിയർ ക്ലാർക്കായി കുന്നംകുളം നഗരസഭയിൽ ജോലി നോക്കിവരവേ ആലുവ, അങ്കമാലി, പെരുമ്പാവൂർ നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റം ആവശ്യപ്പെട്ട നൽകിയ അപേക്ഷ പരിഗണിച്ച് ആലുവ നഗരസഭയിലേയ്ക്ക് കരട് സ്ഥലംമാറ്റ പട്ടികയും ക്യൂ ലിസ്റ്റും പ്രസിദ്ധീകരിച്ച ശേഷം നഗരകാര്യ ഡയറക്ടർ അന്തിമ സ്ഥലംമാറ്റ പട്ടികയിൽ ഉൾപ്പെടുത്താത്തത് കാരണം സ്വന്തം ജില്ലയിൽ തുടരുവാൻ കഴിയാതെവന്നതായും അതിനാൽ നിലവിൽ ഒഴിവുവരുന്ന ആലുവ, അങ്കമാലി, പെരുമ്പാവൂർ, കളമശ്ശേരി, ഏലൂർ നഗരസഭകളിൽ എതെങ്കിലും ഒന്നിലേയ്ക്ക് സ്ഥലംമാറ്റം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും അപേക്ഷിക്കുകയുണ്ടായി. കൂടാതെ ഇതേ ആവശ്യമുന്നയിച്ച് ടിയാൾ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ 1971/2017 കേസിൽ

പരാമർശം 2 പ്രകാരമുള്ള വിധിയിൽ ഒന്നാം എതിർകക്ഷിയായ സർക്കാർ ടിയാളുടെ അനക്ഷർ A12 അപേക്ഷ പരിശോധിച്ച് അപേക്ഷകയെ നേരിൽകേട്ട് രണ്ട് മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ നിർദ്ദേശ പ്രകാരം തദ്ദേശ സ്വയം ഭരണ അണ്ടർ സെക്രട്ടറി, 14.12.2017-ന് ശ്രീമതി. സ്മിതാ രാജനെ നേരിൽ കേൾക്കുകയുണ്ടായി. നേരിൽകേട്ട സമയത്തും ടിയാളുടെ സർക്കാരിൽ സമർപ്പിച്ച അപേക്ഷയിലെ ആവശ്യങ്ങൾ തന്നെ ആവർത്തിക്കുകയുണ്ടായി.

3. നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, ശ്രീമതി. സ്മിതാ രാജൻ ആലുവ നഗരസഭയിൽ എൽ.ഡി. ക്ലാർക്കായി ജോലി നോക്കി വരവേ, സ്ഥാനക്കയറ്റത്തിന് അർഹതയുള്ളതിനാൽ സീനിയർ ക്ലാർക്കായി 11.04.2017-ൽ നിലവിൽ ഒഴിവുണ്ടായിരുന്ന കുന്നംകുളം നഗരസഭയിൽ നിയമിച്ചു. 2017-18 കാലയളവിലെ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 23.02.2017 വരെയായിരുന്നു. എന്നാൽ ടി തീയതിക്കുശേഷം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെക്കൂടി പരിഗണിക്കുന്നതിനായി പൊതുസ്ഥലംമാറ്റ അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി 22.05.2017 വരെ നീട്ടി നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ വിവിധ തസ്തികകളിലെ കരട് ലിസ്റ്റും കരട് സ്ഥലംമാറ്റ ഉത്തരവും പുറപ്പെടുവിച്ചു. ടി കരട് ഉത്തരവിൽ ശ്രീമതി. സ്മിതാ രാജനെ ആലുവ നഗരസഭയിൽ നിർദ്ദേശിച്ചിരുന്നു. 25.02.2017 ലെ സ.ഉ. (പി) നം.3/2017/ഉഭപവ. ഉത്തരവ് നടപ്പിലാക്കണമെന്ന സർക്കാർ നിർദ്ദേശം പരിഗണിച്ച് 28.02.2017 നു ശേഷം ലഭിച്ച അപേക്ഷകരെ ഒഴിവാക്കി 06.10.2017 ൽ ഉത്തരവ് പുറപ്പെടുവിച്ചതിനാലാണ് ശ്രീമതി. സ്മിതാ രാജനെ കരട് ഉത്തരവിൽ ഉൾപ്പെട്ട സ്ഥലംമാറ്റം അനുവദിക്കാനാകാതെ പോയതെന്ന് അറിയിച്ചു. അതുപോലെ സർക്കാർ നിർദ്ദേശം വന്നതോടെ കരട് സ്ഥലംമാറ്റ സാധ്യതാ പട്ടികയ്ക്കും കരട് ലിസ്റ്റിനും സാധുത നഷ്ടപ്പെട്ടതായും നഗരകാര്യ ഡയറക്ടർ അറിയിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 25.02.2017 ലെ ഉത്തരവു പ്രകാരം ഫെബ്രുവരി 28-നു മുമ്പ് സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ ഫെബ്രുവരി 28-നു ശേഷം സ്ഥാനക്കയറ്റത്തോടൊപ്പം സ്ഥലംമാറ്റം ലഭിച്ചവരെ പരിഗണിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് സാധിക്കാതെ വന്നു. ടി പശ്ചാത്തലമാണ് ഈ കേസിന് ആധാരം.

5. ബഹു. ട്രിബ്യൂണലിന്റെ നിർദ്ദേശപ്രകാരം പരാതികക്ഷിയേയും നഗരകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരേയും നേരിൽകേട്ടതിന്റെയും ബഹു. ട്രിബ്യൂണലിന്റെ

നിരീക്ഷണത്തിനു വിധേയമായ അനക്സർ എ 12 വിശദമായി പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ 28.02.2018 നു മുമ്പായി അപേക്ഷക ആവശ്യപ്പെട്ടിരിക്കുന്ന ആലുവ, അങ്കമാലി, പെരുമ്പാവൂർ, കളമശ്ശേരി, ഏലൂർ നഗരസഭകളിൽ ഏതിലെങ്കിലും ഒഴിവുണ്ടാവുകയും ഒന്നിലധികം ജീവനക്കാർ ഒരേ നഗരസഭതന്നെ ആവശ്യപ്പെട്ടിട്ടുമുണ്ടെങ്കിൽ സർക്കാരിന്റെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച 25.02.2017 ലെ ഉത്തരവിലെ പ്രത്യേക മുൻഗണന, ഭരണപരമായ സൗകര്യം എന്നിവ പരിശോധിച്ച് അർഹതയുള്ള ജീവനക്കാരെ ടി സ്ഥാനത്തേയ്ക്ക് സ്ഥലംമാറ്റുക എന്ന നിർദ്ദേശം നഗരകാര്യ ഡയറക്ടർക്ക് നൽകിക്കൊണ്ട് ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 2-ലെ വിധിന്യായം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**വി.എസ്. സന്തോഷ്,**

**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

ഡയറക്ടർ, കേരളാ സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ശ്രീമതി. സ്മിതാ രാജൻ, സീനിയർ ക്ലാർക്ക്, കുന്നംകുളം നഗരസഭ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**